

JANUARY - JUNE 2025

Volume 9
Issue 1

# തീരസ്പന്ദനം

The Newsletter of Fishermen Community Development Programme (FCDP) &
Theeradesha Mahila Society (TMS), Pallithottam, Kollam. Reg Nos. Q.771/84; Q.1039/95

## എഡിറ്റോറിയൽ

തീരദേശ ജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുന്ന FCDP സംഘടനകളുടെ (TMS, FCDS, DBYF, DBCF) കഴിഞ്ഞ 6 മാസത്തെ പ്രവർത്തനങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ വളരെയേറെ സന്തോഷമുണ്ട്.

FCDP സംഘടനയെ വേറിട്ട ശൈലിയിലൂടെയും പുതിയ ആശയങ്ങളിലൂടെയും മികച്ച പ്രവർത്തനം കാഴ്ച വെച്ച ഡയറക്ടർ ഫാ. ജിതിൻ സെബാസ്റ്റ്യന്റെ യാത്രയയപ്പ് ചടങ്ങിന് FCDP കുടുംബം സാക്ഷ്യം വഹിച്ചു. കഴിഞ്ഞ 2 വർഷങ്ങളായി സംഘടനയ്ക്കും പ്രവർത്തകർക്കും സമൂഹത്തിനും അച്ഛൻ നൽകിയ സംഭാവന വാക്കിൽ ഒതുങ്ങുന്നതല്ല. കലാ കായിക മേഖലകളിൽ പ്രഗത്ഭരായ കുട്ടികൾക്ക് അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി പ്രോത്സാഹനവും വേദിയും ഒരുക്കിയ അച്ഛന്റെ ഈ പ്രവർത്തനം ഏറ്റവും മികച്ച ചുവടുവെയ്പ് ആയിരുന്നു അവരുടെ വിദ്യാഭ്യാസ മുന്നേറ്റത്തിനായി FCDP ട്യൂഷൻ സെന്റർ പുനരാരംഭിച്ചു. അച്ഛൻ നൽകിയ എല്ലാ നിസ്വാർത്ഥ സേവനങ്ങൾക്കും നന്ദി പറയുന്നതോടൊപ്പം അച്ഛന്റെ ഇനിയുള്ള പ്രവർത്തന മേഖലകളിൽ വിജയം കൈവരിക്കാനും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായുള്ള WE- LivE, WYEP തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ, അന്താരാഷ്ട്ര വനിതാ ദിനാഘോഷം വിദ്യാഭ്യാസത്തിലൂടെ യുവാക്കളെയും കുട്ടികളെയും ശക്തരാക്കുന്ന പ്രവർത്തനങ്ങൾ, സമൂഹത്തിൽ വിളയാടുന്ന ലഹരിയുടെ ഉപയോഗത്തിനെതിരായ അവബോധ ക്ലാസുകൾ, അവധിക്കാല സമ്മർ ക്യാമ്പുകൾ എന്നിവ ഈ കഴിഞ്ഞ മാസങ്ങളിലെ ഞങ്ങളുടെ പ്രധാന പ്രവർത്തനങ്ങളാണ്.

ഇത്രയും നാൾ FCDP-TMS സംഘനയുമായി സഹകരിക്കുകയും സംഘടനാ പ്രവർത്തികളിൽ ഞങ്ങളുടെ ഒപ്പം നിന്ന് പ്രവർത്തിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി പറയുന്നതോടൊപ്പം തുടർന്നുള്ള ഞങ്ങളുടെ പ്രവർത്തനങ്ങളിൽ പൂർണ്ണ പിന്തുണയും സഹകരണവും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**ആശംസകളോടെ**

**Rev. Fr. Saji Elambasseril**
**Director FCDP-TMS**

**ജനുവരി 11, 2025**

### FCDP മുൻ ഡയറക്ടർ ഫാ. ജോബി സെബാസ്റ്റ്യന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലി ആഘോഷിച്ചു

11-01-2025 ശനിയാഴ്ച, രാവിലെ 10:30 ന് ഡോൺ ബോസ്കോ ബോയിസ് ഹോം ചാപ്പലിൽ വെച്ച് നടന്ന വിശുദ്ധ കുർബാനയോട് കൂടി ജൂബിലി ആഘോഷങ്ങൾ ആരംഭിച്ചു. FCDP ഹാളിൽ വെച്ച് നടന്ന ആഘോഷമായ പരിപാടിയിൽ ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS) എല്ലാവരെയും സ്വാഗതം ചെയ്തു. ജൂബിലി ആഘോഷത്തിന്റെ ഭാഗമായി കേക്ക് മുറിക്കുകയും, തുടർന്ന്, ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP), ശ്രീമതി ലക്റ്റീഷ്യ മാർട്ടിൻ (പ്രസിഡന്റ്, TMS) എന്നിവർ ചേർന്ന് അച്ചനെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു. ഡോ. സിന്ദാ മെൻഡസ് (ബോർഡ് മെമ്പർ, FCDP), സി. ആനി ജോസഫ് (സുപ്പീരിയർ, സ്നേഹകിരൺ കോൺവെൻറ്), ശ്രീമതി ഗ്രറ്റ രാജു (പ്രോഗ്രാം മാനേജർ, FCDP), ശ്രീമതി മിനി മേരി (കോർഡിനേറ്റർ, TMS), ശ്രീമതി മേരി ബിന്ദു (സ്റ്റാഫ്, FCDS), കുമാരി അന്ന സാജു (പ്രൊജക്റ്റ് കോർഡിനേറ്റർ) എന്നിവർ ആശംസകൾ അറിയിച്ചു. ഡോൺ ബോസ്കോ ഡാൻസ് ക്ലബ് അംഗങ്ങളുടെയും FCDP സ്റ്റാഫ് അംഗങ്ങളുടെയും കലാപരിപാടികൾ നടത്തപ്പെട്ടു. മറുപടി പ്രസംഗത്തിൽ ജോബി അച്ചൻ എല്ലാവർക്കും നന്ദി പറയുകയും ചില മാർനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സി. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു. സ്നേഹ വിരുന്നോടു കൂടി പരിപാടികൾ അവസാനിച്ചു.





**ജനുവരി 13, 2025**

### FCDP ഡയറക്ടർ ഫാ. ജിതിൻ സെബാസ്റ്റ്യന്റെ ജന്മദിനം ആഘോഷിച്ചു

2025 ജനുവരി 13-ന്, FCDP-TMS കുടുംബം ഫാ. ജിതിൻ സെബാസ്റ്റ്യന്റെ (ഡയറക്ടർ FCDP-TMS) ജന്മദിനം ആഘോഷിച്ചു. ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP), സിസ്റ്റർ മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ TMS), ശ്രീമതി ഗ്രറ്റ രാജു (പ്രോഗ്രാം മാനേജർ, FCDP), ശ്രീമതി മിനി മേരി (കോർഡിനേറ്റർ, TMS), കുമാരി മെ റിറ്റ റോയ് (പ്രൊജക്റ്റ് കോർഡിനേറ്റർ, WYEP), ശ്രീ. ജോ ലൂയിസ് (മാനേജർ, FCDS) എന്നിവർ അച്ചന് ആശംസകൾ നേർന്നു. സ്റ്റാഫ് അംഗങ്ങളുടെ മനോഹരമായ പാട്ടുകൾ ഉൾപ്പെടെയുള്ള പരിപാടികൾ നടന്നു. അച്ചന്റെ സേവനങ്ങൾക്കും നിറഞ്ഞ സ്നേഹത്തിനും FCDP TMS സ്റ്റാഫ് അംഗങ്ങൾ സ്നേഹവും നന്ദിയും അറിയിച്ചു. വരും വർഷങ്ങളിൽ അദ്ദേഹത്തിന് പൂർണ്ണ ആരോഗ്യവും അനുഗ്രഹവും നേരുന്നു.






EDITORIAL BOARD

CHIEF EDITOR
Rev. Fr. Saji Elambasseril

ASSOCCIATE EDITOR
Ms. Anna Saju

TEAM MEMBERS
Ms. Mereetta Roy, Ms. Berlin Berkman &
Mr. Tony Fredy

ജനുവരി 18, 2025

## വനിതാ സംരംഭകരുടെ ശാക്തീകരണം: FCDPയിൽ പരിശീലന ക്ലാസ്

2025 ജനുവരി 18 ന് ഉച്ചയ്ക്ക് 2 മണിക്ക് FCDP ഹാളിൽ വിജയകരമായ ഒരു സംരംഭക വികസന പരിശീലനം നടന്നു. കൊല്ലത്തെ ഇൻഡസ്ട്രിയൽ ഓഫീസർ ശ്രീമതി സമിതയാണ് സെഷന് നേതൃത്വം നൽകിയത്. വളർന്നുവരുന്ന വനിതാ സംരംഭകരെ സ്വന്തം ബിസിനസ്സ് ആരംഭിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ കഴിവുകൾ, അറിവ്, ആത്മവിശ്വാസം എന്നിവ ഉപയോഗിച്ച് സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ 70 സ്ത്രീകൾ പരിശീലന ക്ലാസിൽ പങ്കെടുത്തു. സെഷനിൽ, ബിസിനസ് പ്ലാനിംഗ്, മാർക്കറ്റ് വിശകലനം, സാമ്പത്തിക മാനേജ്മെന്റ്, സംരംഭക കഴിവുകൾ തുടങ്ങിയ അവശ്യ വിഷയങ്ങൾ ശ്രീമതി സമിത ചർച്ച ചെയ്തു. എല്ലാവരും ചോദ്യങ്ങൾ ചോദി ക്കുകയും സ്വന്തം അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. സ്ത്രീകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതി നും അവരെ സാമ്പത്തികമായി സ്വതന്ത്രരാക്കുന്നതിനും സമൂഹത്തിന്റെ വളർച്ചയ്ക്ക് സംഭാവന നൽകുന്നതിനും വേണ്ടിയുള്ള FCDPയുടെ ഒരു ഉദ്യമമാണ് ഈ പരിശീലന ക്ലാസ്.




ജനുവരി 23, 2025

## ഗ്രൂപ്പ് മാനേജ്മെന്റ് സെഷൻ നടത്തി

2025 ജനുവരി 23 ന് FCDPഹാളിൽ വെച്ച് ശ്രീ. ജയകൃഷ്ണന്റെ നേതൃത്വത്തിൽ സ്ത്രീകൾക്കായി ഗ്രൂപ്പ് മാനേജ്മെന്റ് സെഷൻ നടത്തി. കൂട്ടായ പ്രവർത്തനം, ആശയവിനിമയം, നേതൃത്വപാടവം എന്നിവയിലാണ് സെഷൻ ശ്രദ്ധ കേന്ദ്രീകരിച്ചത്. പങ്കെടുത്തവർക്ക് പ്രായോഗികമായ നിർദ്ദേശങ്ങളും വിലയേറിയ ഉൾക്കാഴ്ചകളും നൽകി. എല്ലാവരും സെഷൻ ആസ്വദിക്കുകയും ശ്രീ. ജയകൃഷ്ണന്റെ വൈദഗ്ധ്യത്തെ പ്രശംസിക്കുകയും ചെയ്തു. മികച്ച പ്രകടനം കാഴ്ചവെക്കുന്ന ടീമുകളെ എങ്ങനെ കെട്ടിപ്പടുക്കാമെന്നും നിലനിർത്താമെന്നും, അഭിപ്രായ വ്യത്യാസങ്ങൾ എങ്ങനെ പരിഹരിക്കാമെന്നും സെഷനിൽ അദ്ദേഹം ഊന്നി പറഞ്ഞു.




ജനുവരി 24, 2025

## ഫിനാൻസ് മാനേജ്മന്റ് ക്ലാസ് നടത്തി

ഫിനാൻസ് മാനേജ്മന്റ് എന്ന വിഷയത്തെ ആസ്പദമാക്കി 2025 ജനുവരി 24-ന് FCDP ഹാളിൽ വെച്ച് നടന്ന സെഷനിൽ ശ്രീ. ബാലാജി (പരിശീലകൻ) വനിതകൾക്കായി ധനകാര്യ മാനേജ്മെന്റിനെക്കുറിച്ച് ക്ലാസ്സ് നയിച്ചു. സാമ്പത്തിക നിയന്ത്രണം വനിതാ സംരംഭകർക്ക് വളർച്ചയ്ക്കും ദീർഘകാല വിജയത്തിനും അനിവാര്യമാണ്. ചെലവുകളും വരുമാനവും പുനഃപരിശോധിച്ച്, നിക്ഷേപവും ലാഭവും എങ്ങനെ മെച്ചപ്പെടുത്താമെന്ന് ക്ലാസ്സിൽ വിശദീകരിച്ചു. സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടാനും ഇത് സഹായകമാണ്. ഫലപ്രദമായ ബജറ്റുകൾ ഉണ്ടാക്കാനും പണത്തിന്റെ ഒഴുക്ക് നിയന്ത്രിക്കാനും സാമ്പത്തിക പരമായ അപകടസാധ്യതകൾ ലഘൂകരിക്കാനും പങ്കെടുത്തവർക്ക് പ്രായോഗികമായ ഉൾക്കാഴ്ച ലഭിച്ചു. ഇത്തരം പ്രവർത്തനങ്ങൾ സ്ത്രീകളിൽ സ്വയംപര്യാപ്തതയും ആത്മവിശ്വാസവും വർധിപ്പിക്കാൻ സഹായിക്കുന്നു.




ജനുവരി 25, 2025

## സ്ത്രീകൾക്കായി ക്രെഡിറ്റ് ലിങ്കേജ് ക്ലാസ് നടത്തി

2025 ജനുവരി 25-ന്, ശ്രീമതി സമിതയുടെ (വ്യവസായ ഓഫീസർ, കൊല്ലം ജില്ല) നേതൃത്വത്തിൽ ക്രെഡിറ്റ് ലിങ്കേജിനെക്കുറിച്ച് സെഷൻ നടത്തി. ചെറുകിട സംരംഭങ്ങൾക്കായുള്ള വിവിധ വായ്പാ പദ്ധതികളെക്കുറിച്ച് അറിവ് നൽക്കുകയും അവ എങ്ങനെ നേടാമെന്നും ക്ലാസ്സിൽ പറഞ്ഞു. വായ്പാ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനും, വായ്പ നൽകുന്നവരുടെ ആവശ്യകതകൾ നിറവേറ്റുന്നതിനും, ധനസഹായം നേടുന്നതിനുള്ള വെല്ലുവിളികൾ അങ്ങനെ തരണം ചെയ്യാമെന്നും വ്യക്തമാക്കി. സംവേദനാത്മകമായ ചോദ്യോത്തര സെഷനും, അപേക്ഷാ പ്രക്രിയകളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശവും സെഷനിൽ ഉൾപ്പെടുത്തിയിരുന്നു.




ജനുവരി 28, 2025

## സർട്ടിഫിക്കറ്റ് വിതരണം നടത്തി

FCDPയുടെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കായി ആരംഭിച്ച 2 ദിവസത്തെ കുട നിർമാണ പരിശീലന ക്ലാസ്സിന്റെ സമാപനത്തോടനുബന്ധിച്ച് വിദ്യാർഥിനികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ശ്രീമതി. ലത രാജൻ (ഫാക്കൽറ്റി, റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം) ആണ് ക്ലാസ്സ്നയിച്ചത്. കുട നിർമ്മാണ പരിശീലനം സ്ത്രീകൾക്ക് വളരാനും, ഉയരാനും, സ്വതന്ത്രമാകാനും ഒരു വലിയ അവസരമാണ്. ഇതിലൂടെ അവർ വ്യക്തിപരമായും സാമ്പത്തികമായും സമൂഹപരമായും മുന്നേറ്റം കൈവരിക്കുന്നു. സമഗ്രമായ ഒരു സാമൂഹിക പരിവർത്തനം ഉണ്ടാകാൻ ഇത്തരം പരിശീലന പരിപാടികൾ നിർണ്ണാ





ഫെബ്രുവരി 8, 2025

## ഡോൺ ബോസ്കോ ഫെസ്റ്റ്- 2025 സംഘടിപ്പിച്ചു

FCDP- TMS- DBYF, എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ഡോൺ ബോസ്കോ ഫെസ്റ്റ് ഫെബ്രുവരി -8 ന് സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി സൂപ്പർ ഗോൾ, സൂപ്പർ വിക്കറ്റ്, ഡ്രോയിങ്, ക്യാരംസ്, സിംഗിൾ ഡാൻസ്, ഗ്രൂപ്പ് ഡാൻസ്, എന്നി മത്സരയിനങ്ങളിൽ 15 വയസ്സിന് താഴെയുള്ള ഇരുന്നൂറിൽ പരം കുട്ടികൾ പങ്കെടുത്തു. ഫെസ്റ്റിനോട് അനുബന്ധിച്ചുള്ള സമ്മാനദാന ചടങ്ങ് അന്നേദിവസം വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ചു. ശ്രീമതി ഗ്രെറ്റ രാജു (പ്രോഗ്രാം മാനേജർ, FCDP) ചടങ്ങിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുകയും, മുഖ്യാതിഥി ഫാ. ഓസ്റ്റിൻ ഉദ്ഘാടന കർമ്മം നിർവഹിച്ച് സമ്മാനദാനം നടത്തുകയും ചെയ്തു. ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP- TMS -FCDS- DON BOSCO COASTL FORUM), സിസ്റ്റർ മേരി .കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS), എന്നിവർ ചടങ്ങിന് ആശംസകൾ അറിയിച്ചു. നൂറിൽ പരം കുട്ടികൾ പങ്കെടുത്ത ചടങ്ങിൽ FCDP-TMS -FCDS DBYF -ചിൽഡ്രൻസ് ഫോറം അംഗങ്ങളും പങ്കെടുത്തു. കുമാരി ഐശ്വര്യ (കോർഡിനേറ്റർ, DBYF) ചടങ്ങിന് കൃതജ്ഞത അർപ്പിച്ചു. DJ പ്രോഗ്രാമോടുകൂടി ഫെസ്റ്റ് അവസാനിച്ചു. ഡോൺ ബോസ്കോ ഫെസ്റ്റ് - 2025 യുവജന സുഹൃത്തായ ഡോൺ ബോസ്കോയുടെ തിരുനാൾ ആഘോഷമാക്കി.





## ഫെബ്രുവരി 11, 2025

## കുട നിർമ്മാണ ശിൽപശാല: വനിതാ ശാക്തീകരണത്തിലേക്കുള്ള ഒരു ചുവടുവയ്പ്പ്

വനിതകളെ സർഗ്ഗാത്മകമായ നൈപുണ്യ വികസനത്തിലൂടെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു അതുല്യ സംരംഭം 2025 ഫെബ്രുവരി 11-ന് ഇരവിപുരം ഇടവക ഹാളിൽ എഇഉജയുടെ നേതൃത്വത്തിൽ ആരംഭിച്ചു. ശ്രീമതി. ലത രാജൻ (ഫാക്കൾറ്റി, റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം) നേതൃത്വം നൽകിയ ശില്പശാലയിൽ, സ്ത്രീകളെ കുട നിർമ്മിക്കാൻ പഠിപ്പിക്കുകയും അവരുടെ സർഗ്ഗാത്മകത പ്രോത്സാ ഹിപ്പിക്കുകയും സാമൂഹിക ഇടപെടൽ വളർത്തുകയും ചെയ്തു. ക്ലാസ്സിന്റെ അവസാനത്തോടെ, പങ്കെടുത്തവർ പുതിയ നൈപുണ്യം നേടുക്കുകയും അവരുടെ സർഗ്ഗാത്മക കഴിവുകൾ, ആത്മവിശ്വാസം എന്നിവയിൽ മാറ്റം കൊണ്ടുവരുകയും ചെയ്തു. ഇത്തരം സർഗ്ഗാത്മകവും നൈപുണ്യ വികസനവുമായ പ്രവർത്തനങ്ങളിലൂടെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനുള്ള ഭാവി സംരംഭങ്ങൾക്ക് വഴിയൊരുക്കി. സ്ത്രീകൾക്ക് പഠിക്കാനും, വളരാനും കൂടുതൽ പിന്താങ്ങുനതുമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിന് ഈ സംരംഭം വഴി ഒരുക്കി.




## ഫെബ്രുവരി 12, 2025

## WE-LivE പദ്ധതിയുടെ ഭാഗമായി വനിതാ ശാക്തീകരണ പരിപാടി സംഘടിപ്പിച്ചു

FCDPയുടെ നേതൃത്വത്തിൽ, വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി ഹോം കെയർ പ്രോഡക്ടസിന്റെ ഉൽപാദനം നടത്തി. ഫെബ്രുവരി 12, 2025 ഇരവിപുരം ഇടവക ഹാളിൽ ശ്രീമതി ലത രാജൻ (ഫാക്കൾറ്റി, റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം) ക്ലാസ്സിന് നേതൃത്വം നൽകി. സംരംഭകത്വം, സുസ്ഥിരത, സാമ്പത്തിക സ്വാതന്ത്ര്യം എന്നിവ പ്രോത്സാഹിപ്പിച്ച്, സ്വന്തമായി വീട്ടിൽ ഇരുന്നു കൊണ്ട് ഹോം കെയർ പ്രോഡക്ടുകൾ നിർമ്മിക്കാൻ ആവശ്യമായ അറിവും നൈപുണ്യവും സ്ത്രീകൾക്ക് നൽകുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം. സ്വന്തം കുടുംബത്തിന് മാത്രമല്ല, സുസ്ഥിരമായ സാമൂഹിക വളർച്ചക്കും ഇത്തരം ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിയിലൂടെ കഴിയുമെന്ന ആത്മവിശ്വാസം ക്ലാസ്സിന്റെ അവസാനത്തോടെ വനിതകൾക്ക് ലഭിച്ചു. പഠിക്കാനും വളരാനും സമൂഹത്തിലെ കാര്യക്ഷമമായ അംഗങ്ങളാകാനും അവസരം ലഭിച്ചതിൽ പങ്കെടുത്തവർ നന്ദി അറിയിച്ചുകൊണ്ട് ക്ലാസ് വിജയകരമായി അവസാനിപ്പിച്ചു.




## ഫെബ്രുവരി 13, 2025

## ഗ്രൂപ്പ് മാനേജ്മന്റ് ക്ലാസ് സംഘടിപ്പിച്ചു

2025 ഫെബ്രുവരി 13-ന് ഇരവിപുരം പള്ളി ഹാളിൽ സ്ത്രീകൾക്കായി ലീഡർഷിപ്പിനെക്കുറിച്ച് ക്ലാസ് നടത്തി. വിദഗ്ധ പരിശീലകരായ ഫാത്തിമയും അതുല്യയും സംവേദനാത്മക സെഷനുകൾക്കും പരിശീലനത്തിനും നേതൃത്വം നൽകി. ടീമുകളെ കാര്യക്ഷമമായി നയിക്കാനും സംഘടനാപരമായ വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കാനും അവർക്ക് സാധിച്ചു. പരിശീലന സെഷൻ ആത്മവിശ്വാസം, ആശയവിനിമയം, പ്രശ്നപരിഹാര ശേഷി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. പരിചയസമ്പന്നരായ പരിശീലകരിൽ നിന്ന് പഠിക്കാനും അവരുടെ നേതൃത്വപരമായ കഴിവുകൾ വർദ്ധിപ്പിക്കാനും ലഭിച്ച അവസരത്തിന് പങ്കെടുത്തവർ നന്ദി പ്രകടിപ്പിച്ചു.




## ഫെബ്രുവരി 13, 2025

## ഫിനാൻസ് മാനേജ്മെന്റ് പരിശീലന ക്ലാസ് നടത്തി

2025 ഫെബ്രുവരി 13-ന് ഇരവിപുരം ഇടവക ഹാളിൽ വെച്ച് വനിതകൾക്കായി WE-LivE പദ്ധതിയുടെ ഭാഗമായി ഫിനാൻസ് മാനേജ്മെന്റ് സെഷൻ നടന്നു. ശ്രീ. ബാലാജിയാണ് ഫിനാൻസ് മാനേജ്മെന്റ് ക്ലാസ് നയിച്ചത്. ബജറ്റിംഗ്, അക്കൗണ്ടിംഗ്, സാമ്പത്തിക ആസൂത്രണം എന്നിവയുൾപ്പെടെയുള്ള സാമ്പത്തിക മാനേജ്മെന്റിന്റെ പ്രധാന വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്ലാസ് ആയിരുന്നു നൽകിയത്. കൂടാതെ, ബിസിനസ്സ് ലോകത്ത് ഉയർന്നു വരുന്ന വെല്ലുവിളികളും അവസരങ്ങളും അതിനെ എങ്ങനെ തരണം ചെയ്യാൻ സാധിക്കുമെന്നും, വിജയകരമായ സംരംഭങ്ങൾ വളർത്തുന്നതിന് ഫിനാൻസ് എങ്ങനെ മാനേജ് ചെയ്യണമെന്നും പറഞ്ഞു. ബിസിനസ്സുകൾക്കും വ്യക്തികൾക്കും യുക്തിഭദ്രമായ തീരുമാനങ്ങൾ എടുക്കുന്നതിനും, വിഭവങ്ങൾ വിവേകപൂർവ്വം വിനിയോഗിക്കുന്നതിനും, അവരുടെ സാമ്പത്തിക ഭാവിസുരക്ഷിതമാക്കുന്നതിനും, ഫലപ്രദമായ ഒന്നാണ് ഫിനാൻഷ്യൽ മാനേജ്മെന്റ് എന്ന് അദ്ദേഹം വ്യക്തമാക്കി.




## ഫെബ്രുവരി 14, 2025

## സ്ത്രീകൾക്കായി ക്രെഡിറ്റ് ലിങ്കേജ് ആൻഡ് ഫിനാൻസ് അക്സെസ്സ് ക്ലാസ് സംഘടിപ്പിച്ചു

WE-LivEപദ്ധതിയുടെ ഭാഗമായി, 2025 ഫെബ്രുവരി 13-ന് ഇരവിപുരം ഇടവക ഹാളിൽ വനിതാ സംരംഭകർക്കായി ക്രെഡിറ്റ് ലിങ്കേജ് ആൻഡ് ഫിനാൻസ് അക്സെസ്സ് ക്ലാസ് സംഘടിപ്പിച്ചു. പരിപാടിയുടെ റിസോഴ്സ് പേഴ്സൺ ശ്രീമതി സമിത ടി. (വ്യവസായ ഓഫീസർ, കൊല്ലം ജില്ല) ആയിരുന്നു. ക്രെഡിറ്റ് ലിങ്കേജ് എന്നത് ക്രെഡിറ്റോ ലോണുകളോ അക്സെസ്സ് ചെയ്യുന്നതിന് വ്യക്തികളെ സഹായിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച്, ബിസിനസുകൾ വളർത്തുന്ന പ്രക്രിയയെ ആണ് സൂചിപ്പിക്കുന്നുത്. സാമ്പത്തിക പ്രവേശനം വിപുലപ്പെടുത്തുന്നതിലും ദാരിദ്ര്യം കുറയ്ക്കുന്നതിലും സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിലും, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കിടയിലും ഗ്രാമ പ്രദേശങ്ങളിലും ക്രെഡിറ്റ് ലിങ്കേജ് ഒരു പ്രധാന പങ്ക് വഹിക്കുന്നു ഇത് ധനകാര്യ സ്ഥാപനങ്ങളും വായ്പ ആവ ശ്യമുള്ളവരും തമ്മിലുള്ള വിടവ് നികത്തുകയും സമഗ്രമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയുന്നു.




## ഫെബ്രുവരി 15, 2025

## സർട്ടിഫിക്കറ്റ് വിതരണം നടത്തി

FCDPയുടെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കായി ആരംഭിച്ച 3 ദിവസത്തെ ഹോം കെയർ ഉൽപ്പന്നങ്ങളുടെ നിർമാണ പരിശീലന ക്ലാസ്സിന്റെ സമാപനത്തോടനുബന്ധിച്ച് വിദ്യാർഥിനികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ശ്രീമതി. ലത രാജൻ (ഫാക്കൾറ്റി, റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം) ആണ് ക്ലാസ്സ് നയിച്ചത്. ഹോം കെയർ ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം സ്ത്രീ ശാക്തീകരണത്തിന് വലിയ പിന്തുണയാണ്. ഈ പരിശീലനം വഴി സ്ത്രീകൾക്ക് സ്വയംതൊഴിൽ സാധ്യതകളും, സാമ്പത്തികസ്വാതന്ത്ര്യവും ലഭിക്കാൻ സഹായിക്കുന്നു. വാഷിംഗ്പൗഡർ, ഫ്ലോർ ക്ലീനർ, സോപ്പ്, ഡിറ്റർജന്റ് തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള കഴിവ് കൈവരിച്ച് അവർക്ക് സ്വന്തം ബിസിനസ് ആരംഭിക്കാൻ സാധിക്കുകയും ആത്മവിശ്വാസം വർദ്ധിക്കുകയും ആത്മാഭിമാനത്തോടെ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ പ്രചോദനം ലഭിക്കുകയും ചെയ്യുന്നു. യഥാസ്ഥിതിക ചിന്താഗതിയിൽ നിന്ന് മാറി സ്ത്രീകൾക്ക് വികസനത്തിനൊപ്പം മുന്നേറാൻ ഇത്തരം പരിശീലനങ്ങൾ സഹാ യിക്കുന്നു. പരിശീലനത്തിന്റെ ഭാഗമായി ഡിഷ് വാഷ്, ഫ്ലോർ ക്ലീനർ, ടോയ്ലറ്റ് ക്ലീനർ, ബാർ സോപ്പ്, ഫിനൈൽ, ഫാബ്രിക് കണ്ടീഷണർ, വാഷിംഗ് പൌഡർ എന്നിവ ഉണ്ടാക്കി.





## ഫെബ്രുവരി 25, 2025

## സൗജന്യ നേത്ര പരിചരണ ക്യാമ്പ് സംഘടിപ്പിച്ചു

കൊല്ലം അഹലിയ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റലുമായും കൊല്ലം എസ് എൻ കോളേജിലെ നാഷണൽ സർവീസ് സ്കീമുമായും (എൻഎസ്എസ്) സഹകരിച്ച് മത്സ്യത്തൊഴിലാളി സമൂഹ വികസന പരിപാടി (FCDP) ഫെബ്രുവരി 25 ന്, FCDP ഹാളിൽ വെച്ച് സൗജന്യ നേത്ര പരിചരണ ക്യാമ്പ് സംഘടിപ്പിച്ചു. രാവിലെ 10:30 മുതൽ നടന്ന ക്യാമ്പിൽ 150 കമ്മ്യൂണിറ്റി അംഗങ്ങൾ പങ്കെടുത്തു. വിദഗ്ധ നേത്രരോഗ വിദഗ്ധർ സമഗ്രമായ നേത്ര പരിശോധനകൾ നടത്തി. പ്രാദേശിക ജനങ്ങളിൽ നേത്രാരോഗ്യ അവബോധം പ്രോത്സാഹിപ്പിക്കുന്നതിനും കാഴ്ച സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഈ കമ്മ്യൂണിറ്റി അധിഷ്ഠിത പ്രവർത്തനം. ക്യാമ്പിന്റെ വിജയത്തിന് കാരണമായ എല്ലാ പങ്കാളികൾക്കും സന്നദ്ധപ്രവർത്തകർക്കും സംഘാടകർ നന്ദി പറഞ്ഞു.





## ഫെബ്രുവരി 27, 2025

## വെള്ളിമണ്ണിൽ പച്ചക്കറി തൈകൾ വിതരണം ചെയ്തു

WE-LivE പദ്ധതിയുടെ ഭാഗമായി 2025 ഫെബ്രുവരി 27 – ന് വെള്ളിമണ്ണിൽ പച്ചക്കറി തൈകൾ വിതരണം ചെയ്തു. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ഈ പരിപാടിയിൽ 30 ഓളം ആളുകൾ പങ്കെടുത്തു. TMS അസിസ്റ്റന്റ് ഡയറക്ടർ സിസ്റ്റർ മേരി കെ. തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുകൊണ്ട് പരിപാടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഇത്തരം പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി സൗഹൃദപരമായ രീതികൾ സ്വീകരിക്കുവാനും സമൂഹത്തിൽ സുസ്ഥിരമായ വളർച്ചക്കും പങ്ക് വഹിക്കുന്നു. ജൈവകൃഷിയും പരിസ്ഥിതി സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പായിരുന്നു ഈ പരിപാടി.





## മാർച്ച് 4, 2025

## പരീക്ഷ ഒരുക്ക ക്ലാസ് സംഘടിപ്പിച്ചു

FCDP- TMS- DBYF, എന്നി സംഘടനളുടെ ആഭിമുഖ്യത്തിൽ, തിരഞ്ഞെടുത്ത പ്ലസ് വൺ പ്ലസ് ടു വിദ്യാർഥികൾക്കായി പരീക്ഷാ തയ്യാറെടുപ്പ് ക്ലാസ് സംഘടിപ്പിച്ചു. പ്രശസ്ത മെമ്മറി ട്രെയ്നറും സൈക്കോളജിസ്റ്റും ആയ ഡോ. രാജേഷ് മഹേശ്വർ ആണ് ക്ലാസ് നടത്തിയത്. ഇരുപതോളം കുട്ടികൾ പങ്കെടുത്ത ക്ലാസ്സിൽ ഡോൺ ബോസ്കോ യൂത്ത് ഫോറം അംഗം, സനൽ എല്ലാവരെയും പരിപാടിയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു. ക്ലാസ്സിൽ, പരീക്ഷയ്ക്കായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്തേണ്ടതെന്നും, പരീക്ഷ സമയത് ഉണ്ടാകുന്ന സമ്മർദ്ദം കുറക്കാൻ എന്തെല്ലാം മാർഗങ്ങളും, തന്ത്രങ്ങളും സ്വീകരിക്കാമെന്നും, പഠനരീതി എങ്ങനെ മികച്ച രീതിയിൽ പ്ലാൻ ചെയ്യാമെന്നും തുടങ്ങിയ കാര്യങ്ങളെ കുറിച്ച് സംസാരിച്ചു. വളരെ ഫലപ്രദമായ പരീക്ഷ ഒരുക്ക ക്ലാസ് ആയിരുന്നു എന്നും ഇത്തരം ക്ലാസുകളിലൂടെ തങ്ങളുടെ പരീക്ഷ അഭിമുഖീകരിക്കാനുള്ള ഭയം കുറയ്ക്കും എന്നും കുട്ടികൾ അഭിപ്രായപെട്ടു. കുമാരി ഐശ്വര്യ (കോർഡിനേറ്റർ, DBYF) എല്ലാവർക്കും നന്ദി പറഞ്ഞു.





## മാർച്ച് 6, 2025

## അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് വിളംബര റാലി സംഘടിപ്പിച്ചു

മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് തീരദേശ മഹിളാ സൊസൈറ്റിയുടെയും ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെയും, റോട്ടറി ക്ലബ് ഓഫ് കൊയ്ലോൺന്റെയും സംയുക്ത ആഭിമുഖ്യത്തിൽ, അന്തർദേശീയ വനിതാ ദിനത്തിന് മുന്നോടിയായി വനിതകളുടെ ഓട്ടോ, ഇരുചക്ര വാഹന വിളംബര റാലി സംഘടിപ്പിച്ചു. 'പ്രവർത്തനം ത്വരിതപ്പെടുത്തുക' എന്ന ആപ്തവാക്യത്തെ ഉൾക്കൊള്ളിച്ചു കൊ ണ്ടായിരുന്നു ഈ വർഷത്തെ വനിതാ ദിന റാലി. വ്യാഴാഴ്ച വൈകിട്ട് 5 മണിക്ക് കൊല്ലം ബീച്ചിൽ നിന്നും ആരംഭിച്ച വിളംബര റാലി അഭിസംബോധന ചെയ്ത് ഫ്ളാഗ് ഓഫ് കർമ്മം നിർവഹിച്ചത് ശ്രീമതി. സ്വാതി വി (സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കൊല്ലം) ആണ്. റാലി കനാൽ റോഡ് വഴി തങ്കശ്ശേരി ബസ് ബേയിൽ കൂടി പോർട്ട് കൊല്ലം റോഡ് വഴി കൊടിമരം ഗ്രൗണ്ടിൽ എത്തി ചേർന്നു. നൂറിൽപരം വനിതകൾ ഇരുചക്രവാഹനങ്ങ ളുമായി റാലിയിൽ പങ്കെടുത്തു.





## മാർച്ച് 8, 2025

## അന്താരാഷ്ട്ര വനിതാ ദിനം ആചരിച്ചു

തീരദേശ മഹിളാ സൊസൈറ്റിയുടെയും ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെയും, റോട്ടറി ക്ലബ് ഓഫ് കൊയ്ലോൺന്റെയും സംയുക്ത ആഭിമുഖ്യത്തിൽ, അന്തർദേശീയ വനിതാ ദിനാചരണം ശനിയാഴ്ച്ച ക്വയ്ലോൺ റോട്ടറി ക്ലബ്ബിൽ വെച്ച് നടത്തി. ശ്രീമതി. ലക്റ്റീഷ്യ മാർട്ടിൻ (പ്രസിഡന്റ്, TMS) അധ്യക്ഷത വഹിച്ച ചടങ്ങിൽ, ഡോ. ജാജി സുനിൽ (മാനേജിങ് ഡയറക്ടർ, ജാജിസ് ഗ്രൂപ്പ്) ഉദ്ഘാടനം നിർവഹിച്ചു. ശ്രീമതി. എലിസബത്ത് ലിസി (ഹെഡ 'മിസ്ട്രെസ്, ബാലിക മറിയം സ്കൂൾ, കൊല്ലം) മുഖ്യ പ്രഭാഷണം നടത്തി. ഡോൺ ബോസ്കോ യൂത്ത് ഫോറം അംഗവും വക്കീൽ എന്ന തന്റെ സ്വപ്നം സാക്ഷത 'കരിച്ച കുമാരി സജിനി ജെ. എസ് നെ മുഖ്യതിഥി ആദരിക്കുകയും 3 മാസത്തെ ബ്യൂട്ടിഷൻ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ചടങ്ങിൽ സി. ആനി ജോസഫ് FMA (സുപ്പീരിയർ, സ്നേഹ കിരൺ കോൺവെൻറ്), ശ്രീ. സക്കറിയ സാമൂവൽ (സെക്രട്ടറി, ക്വിലോൺ റോട്ടറി ക്ലബ്), ശ്രീ. സജീവ് സോമൻ (വാർഡ് കൗൺസിലർ, ഉദയമർത്താണ്ടപുരം, ചെയർമാൻ പബ്ലിക് വർക്സ് സ്റ്റാൻഡിങ് കമ്മിറ്റി, കൊല്ലം കോർപ്പറേഷൻ), ശ്രീ. ടോമി നെപ്പോളിയൻ (വാർഡ് കൗൺസിലർ, പള്ളിത്തോട്ടം) എന്നിവർ ആശംസ അറിയിച്ചു. ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP), റവ. ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS), സി. മേരി. കെ. (അസി. ഡയറക്ടർ, TMS) എന്നിവർ ചടങ്ങിൽ സംസാരിച്ചു. വിവിധ സെക്ഷനിൽ നിന്നുള്ള സ്ത്രീകളുടെയും കുട്ടികളുടെയും കലാപരിപാടികൾ അരങ്ങേറി. സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന ചൂഷണങ്ങളെ ആവിഷ്കരിച്ചു കൊണ്ട് നൃത്തവും നാടകവും അരങ്ങേറി. 400 ൽ പരം വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പരിപാടിയിൽ FCDP-TMS ബോർഡ് അംഗങ്ങൾ, സ്റ്റാഫ് എന്നിവർ പങ്കെടുത്തു. പ്രവർത്തനം ത്വരിതപ്പെടുത്തുക എന്ന ആപ്തവാക്യത്തെ ഉൾക്കൊള്ളിച്ചു കൊണ്ടായിരുന്നു ഈ വർഷത്തെ വനിതാ ദിന ആഘോഷങ്ങൾ. സ്നേഹവിരുന്നോട് കൂടി പരിപാടി അവസാനിച്ചു.





**മാർച്ച് 13, 2025**

## FCDP വിജയകരമായ 3 – ദിവസത്തെ കേക്ക് ബേക്കിംഗ് ക്ലാസ് നടത്തി

FCDPയുടെ നേതൃത്വത്തിൽ, ഇൻഫന്റ് ജീസസ് ചർച്ച് പാരിഷ് ഹാളിൽ 3- ദിവസത്തെ കേക്ക് ബേക്കിംഗ് ക്ലാസ് വിജയകരമായി നടത്തി. ഫുഡ് പ്രോസസ്സിംഗിലെ വിദഗ്ദ്ധ പരിശീലകനായ ശ്രീ. അജയ് ശങ്കർ നയിച്ച ക്ലാസ്സിൽ 20 ഓളം സ്ത്രീകൾ പങ്കെടുത്തു. സമാപന ചടങ്ങ് റവ. ഫാ. ഓസ്റ്റിൻ പുള്ളിമുട്ടിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. മൂന്നാം ദിവസത്തിന്റെ അവസാനത്തോടെ വാനില, ചോക്ലേറ്റ്, മറ്റു വൈവിധ്യമാർന്ന കേക്കുകൾ ബേക്ക് ചെയ്യുന്നതിനുള്ള കഴിവുകൾ അവർ നേടി. സമാപന ചടങ്ങിൽ വർക്ക് ഷോപ്പ് വിജയകരമായി പൂർത്തിയാക്കിയതിന് ഫാ. ഓസ്റ്റിൻ പുള്ളിമുട്ടിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വിലപ്പെട്ട പഠനാനുഭവം നൽകിയതിന് എഫ്സിഡിപിയിലെ അജയ് ശങ്കറിനും സംഘാടകർക്കും വിദ്യാർത്ഥിനികൾ നന്ദി പറഞ്ഞു. നൈപുണ്യ വികസനത്തിലൂടെയും സംരംഭകത്വത്തിലൂടെയും സ്ത്രീ ശാക്തീകരണവും സാമ്പത്തിക സ്വാതന്ത്ര്യവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള എഫ്സിഡിപിയുടെ സമർപ്പണത്തിന്റെ തെളിവാണ് ഈ സംരംഭം.




**2025 മാർച്ച് 18**

## നേതൃത്വ പരിശീലന ക്ലാസ് നടത്തപ്പെട്ടു

2025 മാർച്ച് 18 ന് FCDP ഹാളിൽ വെച്ച് നേതൃത്വ പരിശീലന ക്ലാസ് വിജയകരമായി നടത്തി. പരിശീലനാർത്ഥികളായ ആൽവിൻ, അഭിനന്ദ്, സ്റ്റാലിൻ, ബെനറ്റ് എന്നിവർ സെഷന് നേതൃത്വം നൽകി. നേതൃത്വ കഴിവുകൾ വളർത്തിയെടുക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന സംവേദനാത്മക ഗെയിമുകളിലും പ്രവർത്തനങ്ങളിലും പങ്കാളികളെ ഉൾപ്പെടുത്തി. ആശയവിനിമയം, ടീം വർക്ക്, പ്രശ്നപരിഹാരം എന്നിവയുൾപ്പെടെ ഫലപ്രദമായ ഗുണങ്ങൾ പരിശീലനത്തിൽ എടുത്തുകാണിച്ചു.




**മാർച്ച് 29, 2025**

## സൗജന്യ ജനറൽ മെഡിസിൻ – ഡെന്റൽ പരിശോധന ക്യാമ്പ് നടത്തപ്പെട്ടു

FCDP യുടെയും കിംസ് ഹോസ്പിറ്റൽ കൊല്ലത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മാർച്ച് 29 ശനിയാഴ്ച്ച FCDP ഹാളിൽ വെച്ച് സൗജന്യ ജനറൽ മെഡിസിൻ - ഡെന്റൽ പരിശോധന ക്യാമ്പ് നടത്തപ്പെട്ടു. 50 -ഓളം ആളുകൾ ക്യാമ്പിൽ പങ്കെടുത്തു. ബ്ലഡ് ഷുഗർ, പ്രഷർ പരിശോധന സൗജന്യമായും, ലാബ് ടെസ്റ്റുകൾക്ക് 30% ഡിസ്കൗണ്ടുമായിയാണ് ക്യാമ്പ് ക്രമീകരിച്ചിരുന്നത്. വിവിധ രോഗങ്ങൾക്ക് സൗജന്യമായി മരുന്നുകൾ നൽകുകയും ചെയ്തു. പ്രാഥമിക ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനും നേരത്തെ രോഗങ്ങൾ കണ്ടെത്തുന്നതിനും ഇത്തരം ക്യാമ്പുകൾ സഹായിക്കുന്നു. ദന്താരോഗങ്ങൾ ഉൾപ്പെടെ പല ആരോഗ്യപ്രശ്നങ്ങളും നിശ്ചിത സമയത്ത് ശ്രദ്ധിക്കപ്പെടാതെ വലിയ പ്രശ്നങ്ങളിലേക്കു കടക്കാറുണ്ട്. ഈ ക്യാമ്പുകൾ മഅത്തരം പ്രശ്നങ്ങളെ ഒഴിവാക്കുവാനും ആരോഗ്യപരമായ ജീവിതശൈലി പുലർത്താനും പ്രചോദിപ്പിക്കുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സാമൂഹികാരോഗ്യത്തിന്റെ വളർച്ചക്കും ജീവിതഗുണനിലവാരത്തിന്റെ മെച്ചപ്പെടലിനും സഹായിക്കുന്നു.




**മാർച്ച് 29, 2025**

## ലഹരിക്കെതിരെ ജന ജാഗ്രത സദസ്സ്

FCDP യുടെയും കൊല്ലം ശ്രീ. നാരായണ കോളേജിന്റെ നാഷണൽ സർവീസ് സ്കീംമിന്റെയും, കൊല്ലം കേരള സ്റ്റേറ്റ് എക്സൈസ് ഡിപ്പാർട്മെന്റിന്റേയും സംയുക്താഭിമുഖ്യത്തിൽ ലഹരിക്കെതിരെ ജന ജാഗ്രത സദസ്സ്, 2025 മാർച്ച് 29 ശനിയാഴ്ച രാവിലെ 10:30 ക്ക് മുണ്ടക്കൽ ഡോൺ ബോസ്കോ ബോയ്സ് ഹോമിൽ വെച്ച് നടത്തപ്പെട്ടു. ഫാ. ജിതിൻ സെബാസ്റ്റ്യന്റെ (ഡയറക്ടർ, FCDP-TMS), ആമുഖപ്രസംഗത്തോടുകൂടി ആരംഭിച്ച പരിപാടിയിൽ ശ്രീ. സിദ്ദു. എസ് (വിമുക്തി കോർഡിനേറ്റർ, എക്സൈസ് സർക്കിൾ ഓഫീസ് കൊല്ലം) ബോധവൽക്കരണ ക്ലാസ്സ് നടത്തി. അതിനുശേഷം കൊല്ലം ശ്രീനാരായണ കോളേജിലെ NSS യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ മുകാഭിനയവും, നൃത്താവിഷ്കാരവും അരങ്ങേറി. ഇത്തരം ക്ലാസുകൾ യുവാക്കളിൽ ഉത്തരവാദിത്വ ബോധം ഉണർത്തുകയും യുവാക്കൾക്ക് മയക്കുമരുന്നിന്റെ ദൂഷ്യഫലങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ, മാനസിക ആഘാതങ്ങൾ എന്നിവ മനസ്സിലാക്കി കൊടുക്കുകയും ചെയ്യുന്നു. കുടുംബബന്ധങ്ങൾ തകർന്നു പോകുന്നതും സാമൂഹിക അക്രമങ്ങൾ വർധിക്കുന്നതും മയക്കുമരുന്നിന്റെ ആഘാതങ്ങളാണ്. അതിനാൽ, ഇതുപോലുള്ള ക്ലാസുകൾ കൂടുതൽ യുവാക്കളിലേക്ക് എത്തിക്കുകയും സമൂഹത്തിലെ തിന്മകൾക്കെതിരെ നിലകൊള്ളാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. കൂടുതൽ പേരിലേക്ക് ഈ സന്ദേശം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ക്ലാസ് സംഘടിപ്പിച്ചത്.




**ഏപ്രിൽ 05, 2025**

## രക്ഷകർത്താക്കൾക്കായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നടത്തി

ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെയും തീരദേശ മഹിളാ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ 05/04/2025 ശനിയാഴ്ച്ച ഉച്ചക്ക് 3 മണിക്ക് FCDP ഹാളിൽ വെച്ച് രക്ഷകർത്താക്കൾക്കായി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നടത്തപ്പെട്ടു. ഫാ. ജിതിൻ സെബാസ്റ്റ്യന്റെ (ഡയറക്ടർ, FCDP-TMS) ആമുഖ പ്രസംഗത്തോടെ ആരംഭിച്ച പരിപാടിയിൽ ശ്രീ. ജി. ശ്രീകുമാർ (അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് റേഞ്ച് ഓഫീസ് കൊല്ലം), ശ്രീ. ബിനുലാൽ .എസ് (അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, വിമുക്തി കോർഡിനേറ്റർ) എന്നിവർ സെഷൻ കൈകാര്യം ചെയ്തു. മയക്കുമരുന്നുകളുടെ ഭീഷണിയും, ലക്ഷണങ്ങളും മാതാപിതാക്കൾക്കും തിരിച്ചറിയാൻ കഴിയുകയെന്ന ലക്ഷ്യത്തോടുകൂടി സംഘടിപ്പിച്ച ക്ലാസ് കുട്ടികളുടെ ആരോഗ്യവും ഭാവിയും സുരക്ഷിതമാക്കുന്നതിന് സാധിക്കും. ഈ ക്ലാസുകൾ മാതാപിതാക്കളുടെ ജാഗ്രതയും അറിവും വർദ്ധിപ്പിക്കുകയും, മക്കളിൽ മികച്ച മൂല്യബോധവും ശീലങ്ങളും വളർത്തുന്നതിനുള്ള മാർഗങ്ങൾ അവർക്ക് കൈമാറുകയും ചെയ്യുന്നു. ലഹരിയുടെ ഉപയോഗം എങ്ങനെ കുട്ടികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുമെന്ന് വളരെ വ്യക്തമായി തന്നെ ക്ലാസിൽ വിശദീകരിച്ചു.




**ഏപ്രിൽ 05, 2025**

## നൈപുണ്യ വികസനത്തിലൂടെ സ്ത്രീകളെ ശാക്തീകരിക്കൽ

മാർച്ച് 31 മുതൽ ഏപ്രിൽ 5 വരെ തങ്കശ്ശേരി കത്തീഡ്രൽ ചർച്ച് പാരിഷ് ഹാളിൽ നടന്ന WYEP പ്രോജക്ടിന്റെ ഭാഗമായി ഒരു ആഴ്ച നീണ്ടുനിന്ന ഫിഷ് പ്രോസസ്സിംഗ് പരിശീലന ക്ലാസ് സമാപിച്ചു. വിദഗ്ദ്ധ പരിശീലകൻ അജയ് ശങ്കർ നയിച്ച വർക്ക്ഷോപ്പിൽ 20 ഓളം ഉത്സാഹഭരിതരായ സ്ത്രീകൾ പങ്കെടുത്തു. ചേരുവകളുടെ തിരഞ്ഞെടുപ്പ്, തയ്യാറാകുന്ന വിധം എന്നിവയിൽ അവർക്ക് പ്രായോഗിക പരിശീലനം ലഭിച്ചു. റവ. ഫാ. ഓസ്റ്റിൻ പുള്ളിമുട്ടിൽ സമാപന ചടങ്ങിൽ പങ്കെടുക്കുകയും, ഫാ. ജിതിൻ സെബാസ്റ്റ്യൻ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. നൈപുണ്യ വികസനത്തിലൂടെയും സംരംഭകത്വത്തിലൂടെയും സ്ത്രീ ശാക്തീകരണവും സാമ്പത്തിക സ്വാതന്ത്ര്യവും പ്രോ

ത്സാഹിപ്പിക്കുന്നതിനും, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും, സാമ്പത്തിക പുരോഗതിയെ പിന്തുണയ്ക്കുന്നതിനുമുള്ള FCDPയുടെ ശ്രമങ്ങളുടെ ഭാഗമാണ് ഈ പരിശീലന പരിപാടി.




**ഏപ്രിൽ 07, 2025**

## കുട്ടികൾക്കായുള്ള സമ്മർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു

FCDPയുടെ നേതൃത്വത്തിൽ കുട്ടികൾക്കായുള്ള സമ്മർ ക്യാമ്പ് ആരംഭിച്ചു. സി. മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ എല്ലാ വരെയും സ്വാഗതം ചെയ്തു. ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ. ബെന്നി .എ (ഹെഡ്മാസ്റ്റർ, ഇൻഫെന്റ് ജീസസ് എൽ.പി. സ്കൂൾ, തോപ്പ്) 'ഡോൺ ബോസ്കോ സമ്മർ ക്യാമ്പ് 2025', തിരികൊളുത്തി ഉദ്ഘാടനം ചെയ്തു. ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP), ഡീ. ജെറിൻ ജോസ്, ശ്രീമതി ഗ്രെറ്റ രാജു (പ്രോഗ്രാം മാനേജർ, FCDP) എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ക്യാമ്പിന്റെ ആദ്യഘട്ടം നടത്തപ്പെടുന്നത് 8 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്കാണ്. കുട്ടികളുടെ വേനൽ കാലം കൂടുതൽ ആസ്വാദ്യകരമാക്കുന്നതിനും അവരുടെ സമഗ്ര വളർച്ചക്കും ഊന്നൽ നൽകി കൊണ്ടാണ് ക്യാമ്പ് ആരംഭിച്ചിരിക്കുന്നത്. കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്ന തരത്തിലുള്ള ക്ലാസുകളും കലാപരി പാടികളും ക്യാമ്പിൽ ഉൾപ്പെടുന്നു. കുട്ടികൾക്കായി ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങളിൽ റെഗുലർ ക്ലാസ് കൂടാതെ ക്രാഫ്റ്റ്, ഡാൻസ്, ഡ്രോയിങ് എന്നീ ക്ലാസുകളും ഒരുക്കിയിട്ടുണ്ട്.




**ഏപ്രിൽ 07, 2025**

## സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് ആരംഭിച്ചു

FCDPയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായുള്ള 2 മാസത്തെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് FCDP ഹാളിൽ വെച്ച് ആരംഭിച്ചു. ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP - TMS) ക്ലാസിൽ പങ്കെടുക്കാൻ എത്തിയ കുട്ടികൾക്കും അധ്യാപികയ്ക്കും ആശംസകൾ പങ്കുവെച്ചു. ഇംഗ്ലീഷ് പരിജ്ഞാന അധ്യാപനത്തിൽ ഇന്ത്യയിലും വിദേശത്തുമായി 40 തിലേറെ വർഷത്തെ അനുഭവ സമ്പത്തുള്ള ശ്രീമതി സൂസൻ ലാലാണ് ക്ലാസ് നയിക്കുന്നത്. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ 12 മണി വരെയാണ് ക്ലാസുകൾ നടത്തപ്പെടുന്നത്. ഇംഗ്ലീഷിൽ വായിക്കുന്നതിനും എഴുതുന്നതിനും ആശയവിനിമയം നടത്തുന്നതിനും കുട്ടികളെ കൂടുതൽ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ലാസ്സ് ആരംഭിച്ചത്.




**ഏപ്രിൽ 09, 2025**

## കുട്ടികൾക്കായി മോട്ടിവേഷണൽ ക്ലാസ്സ് നടത്തപ്പെട്ടു

സമ്മർ ക്യാമ്പിനോട് അനുബന്ധിച്ച് കുട്ടികൾക്കായി മോട്ടിവേഷണൽ ക്ലാസ്സ് നടത്തപ്പെട്ടു. ഫാ. ജിതിൻ സെബാസ്റ്റ്യന്റെ ആമുഖ പ്രസംഗത്തോടുകൂടി ആരംഭിച്ച പരിപാടിയിൽ ശ്രീ. രാജേഷ് മഹേശ്വർ (മെമ്മറി ട്രൈനെർ) ആണ് ക്ലാസ്സ് നയിച്ചത്. ഇത്തരം ക്ലാസുകളിലൂടെ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും, സ്വപ്നങ്ങൾ പിന്തുടരാനുള്ള ഊർജം നൽകുകയും ചെയ്യുന്നു. ജീവിത ത്തിലെ ദൈനംദിന പ്രതിസന്ധികൾ നേരിടാനുള്ള ധൈര്യവും മനശ്ശക്തിയും ലഭിക്കുന്നത്തിനും, നല്ല അറിവുകളും മൂല്യങ്ങളും ഉൾകൊണ്ടുകൊണ്ട് ജീവിതം നയിക്കുവാ നും, പഠനത്തോടുള്ള സമീപനം മാറ്റുവാനും, ലക്ഷ്യപ്രാപ്തിക്കായി കഠിനാധ്വാനം ചെയ്യാൻ താത്പര്യം ജനിപ്പിക്കുവാനും സാധിക്കുന്നു.




**ഏപ്രിൽ 30, 2025**

## കുട്ടികൾക്കായുള്ള സമ്മർ ക്യാമ്പ് സമാപിച്ചു

8 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്കായുള്ള FCDP സമ്മർ ക്യാമ്പിന്റെ ആദ്യ ഘട്ടം വിജയകരമായി അവസാനിച്ചു. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ, നൃത്തം, ക്രാഫ്റ്റ്, ഡ്രോയിംഗ്, ഗണിതം എന്നിവയുൾപ്പെടെ നിരവധി ആകർഷകമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ക്യാമ്പ് മികച്ച വിജയമാ യിരുന്നു. 70-ലധികം കുട്ടികൾ പങ്കെടുത്ത ക്യാമ്പ് കുട്ടികളുടെ വളർച്ചയ്ക്കും വികാസത്തിനും വിനോദത്തിനും ഒരു സവിശേഷ അവസരം നൽകി. വിവിധ കലാ-കായിക പരിപാടികൾ, രസകരമായ ഗെയിമുകൾ, ടീം വർക്ക്, സഹകരണം, മറ്റുള്ളവരുടെ അഭിപ്രായങ്ങളോടുള്ള ബഹുമാനം എന്നിവ പഠിപ്പിക്കുന്ന ഗ്രൂപ്പ് പ്രവർത്തനങ്ങൾ എന്നിവയാൽ പരിപാടി അവിസ്മരണീയമാക്കി. മത്സരങ്ങളിലെ യും ഗെയിമുകളിലെയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സമാപന ചടങ്ങിൽ ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS), സിസ്റ്റർ മേരി കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS), ഡീക്കൺ ജെറി ജോസ്, ഫാ. സ്റ്റീഫൻ മുക്കാട്ടിൽ (റെക്ടർ, ഡോൺ ബോസ്കോ ഇൻസ്റ്റിറ്റ്യൂഷൻസ്), ശ്രീമതി ലാക്റ്റിഷ്യ മാർട്ടിൻ (പ്രസിഡന്റ്, TMS), FCDP-TMS സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.




**മെയ് 12, 2025**

## കുട്ടികൾക്കായുള്ള ഡോൺ ബോസ്കോ സമ്മർ ക്യാമ്പിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു

FCDPയുടെ നേതൃത്വത്തിൽ കുട്ടികൾക്കായുള്ള സമ്മർ ക്യാമ്പിന്റെ രണ്ടാം ഘട്ടമായ 5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടിയുള്ള സമ്മർ ക്യാമ്പ് ആരംഭിച്ചു. ഫാ. ജിതിൻ സെബാസ്റ്റ്യൻ (ഡയറക്ടർ, FCDP-TMS), ചടങ്ങിൽ പങ്കെടുക്കാൻ വന്ന എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP) ചടങ്ങിൽ അധ്യക്ഷത വഹിച്ചതോ ടാപ്പം ക്യാമ്പ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഡോൺ ബേ ാസ്കോ ട്രിവാൻഡ്രം, അഡ്മിനിസ്ട്രേറ്ററും നിയുക്ത FCDP ഡയറക്ടറുമായ ഫാ. സജി എളമ്പശ്ശേരി ക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും ആശംസകൾ നേർന്നു. സി. മേരി. കെ (അസിസ്റ്റന്റ് ഡയറക്ടർ, TMS) പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചപ്പോൾ കൊണ്ട് ഔദ്യോഗിക ചടങ്ങുകൾ അവസാനിച്ചു. കുട്ടികള ുടെ വ്യക്തിത്വ വികസനത്തിനും ആത്മവിശ്വാസം വളർത്തുന്നതിനും, അതിലൂടെ സാമൂഹികപരമായ കഴിവുകൾ വികസിപ്പിക്കുകയും സൗഹൃദ ബന്ധങ്ങൾ നില നിറുത്തുന്നതിനും ഈ ക്യാമ്പ് ഒരു സുവർണാവസരമായി നിലകൊള്ളുന്നു. വിവിധ കലാ-കായിക മത്സരങ്ങൾക്കൊപ്പം, അവരുടെ ഭാവിയെ ലക്ഷ്യമിട്ട് കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായും, അവരിൽ നേതൃത്വപാടവം, ശരി യായ ദിശബോധം എന്നിവ വളർത്തിയെടുക്കാൻ സഹായിക്കുന്ന തരത്തിലുള്ള ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. മെയ് 12 മുതൽ 21 വരെയാണ് ക്യാമ്പ് ന ടത്തപ്പെടുന്നുത്. ചടങ്ങിൽ ചിൽഡ്രൻസ് ഫോറം അനിമേറ്റേഴ്സ്, FCDP-TMS സ്റ്റാഫ് അംഗങ്ങൾ, ഇന്റേൺസ് എന്നിവർ പങ്കെടുത്തു.






## മെയ് 20, 2025

## യാത്രയയപ്പ് നൽകി

സുത്യർഹമായ സേവനത്തിന് ശേഷം FCDP ഡയറക്ടർ ഫാ. ജിതിൻ സെബാസ്റ്റ്യനും, TMS അസിസ്റ്റന്റ് ഡയറക്ടർ സി. മേരിക്കും FCDP-TMS കുടുംബാംഗങ്ങൾ യാത്രയയപ്പ് നൽകി. ശ്രീമതി അഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP), അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീമതി ലക്റ്റീഷ്യ മാർട്ടിൻ (പ്രസിഡന്റ്, TMS) എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന്, ശ്രീമതി ആഗ്നസ് ജോൺ, അച്ചനും, ശ്രീമതി ലക്റ്റീഷ്യ മാർട്ടിൻ, സിസ്റ്റർ മേരിക്കും മമൊന്റോ നൽകുകയും, ഫാ. സ്റ്റീഫൻ മുക്കാട്ടിൽ (റെക്ടർ, ഡോൺ ബോസ്കോ സ്ഥാപനം) ഇരുവരെയും പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു. ഫാ. സ്റ്റീഫൻ മുക്കാട്ടിൽ (റെക്ടർ, ഡോൺ ബോസ്കോ സ്ഥാപനം), ശ്രീമതി സിന്ദാ മെൻഡെസ് (ബോർഡ് മെമ്പർ, FCDP), ശ്രീ. മിൽട്ടൺ സ്റ്റീഫൻ (ബോർഡ് മെമ്പർ, FCDS), ശ്രീ. ടോമി എൻ (വാർഡ് കൗൺസിലർ, പള്ളിത്തോട്ടം), ശ്രീമതി ഗ്രെറ്റ രാജു (പ്രോഗ്രാം മാനേജർ, FCDP), ശ്രീമതി മിനി മേരി (കോർഡിനേറ്റർ, TMS), ശ്രീ. ജോ ലൂയിസ് (മാനേജർ, FCDS), ശ്രീമതി സിന്ധു ജെറാൾഡ് (സൂപ്പർവൈസർ, വിശപ്പിന് വിട), ശ്രീമതി ബെർലിൻ ബെർക്കുമാൻ (പ്രൊജക്റ്റ് കോർഡിനേറ്റർ, WE- Auto), ശ്രീമതി സുമിത സുധാകർ (യോഗ ഇൻസ്ട്രക്ടർ) കുമാരി രോഷൽ മരിയ (മെമ്പർ, DBYF), കുമാരി ബിജിന ജോസ് (മെമ്പർ, DBCF) എന്നിവർ ആശംസകൾ അറിയിച്ചു. ആശംസകൾക്ക് ശേഷം അച്ചന്റെയും സിസ്റ്ററിന്റെയും മറുപടി പ്രസംഗം നടന്നു. തുടർന്ന് സംഘടനയുടെ ഭാഗത്തുനിന്നും അച്ചനും സിസ്റ്ററിനുമുള്ള സ്നേഹോപകാരങ്ങൾ നൽകി. DB ഡാൻസ് ക്ലബ്ബിന്റെയും സ്റ്റാഫിന്റെയും കലപരിപാടികൾ അരങ്ങേറി. പരിപാടിയിൽ പങ്കെടുത്തവർക്ക് ശ്രീമതി ബിന്ദു ഹാരിസൺ (കോർഡിനേറ്റർ, FCDP) നന്ദി അറിയിച്ചു. ചടങ്ങിൽ FCDP-TMS സ്റ്റാഫ് അംഗങ്ങൾ, ബോർഡ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.






## മെയ് 26, 2025

## ഫാ. സജി എളമ്പാശേരിക്കും സിസ്റ്റർ മേരി സ്കറിയയ്ക്കും ഊഷ്മളമായ സ്വാഗതം

FCDP-TMS കുടുംബം പുതിയ ഡയറക്ടർ ഫാ. സജി എളമ്പാശേരിയെയും TMS അസിസ്റ്റന്റ് ഡയറക്ടർ സിസ്റ്റർ മേരി സ്കറിയയെയും സ്വാഗതം ചെയ്തു. ശ്രീമതി. ആഗ്നസ് ജോൺ (ചെയർപേഴ്സൺ,FCDP), അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീമതി ഗ്രെറ്റ രാജു (പ്രോഗ്രാം മാനേജർ, FCDP) എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സംഘടനയുടെ ലക്ഷ്യങ്ങളും ആശയങ്ങളും എടുത്തുകാട്ടിക്കൊണ്ട് ഫാ. സ്റ്റീഫൻ മുക്കാട്ടിൽ (റെക്ടർ, ഡോൺ ബോസ്കോ സ്ഥാപനം) ആമുഖ പ്രസംഗം നടത്തി. തുടർന്ന്, സിസ്റ്റർ ആനി ജോസഫ് FMA (സുപ്പീരിയർ, സ്നേഹകിരൺ കോൺവെൻറ്, തോപ്പ്), ഫാ. ജിതിൻ സെബാസ്റ്റ്യൻ SDB (മുൻ ഡയറക്ടർ, FCDP-TMS), സി. മേരി കെ (മുൻ അസിസ്റ്റന്റ് ഡയറക്ടർ, TMS) എന്നിവർ ആശംസകൾ അറിയിച്ചു. ഡോൺ ബോസ്കോ ഡാൻസ് ക്ലബ്ബിന്റെ കലാപരിപാടിക്ക് ശേഷം ഫാ. സജി എളമ്പാശേരിയും, സി. മേരി സ്കാറിയയും മറുപടി പ്രസംഗം നടത്തി. ശ്രീമതി മിനി മേരി (കോർഡിനേറ്റർ, TMS) നന്ദി പറഞ്ഞുകൊണ്ട് പരിപാടി അവസാനിച്ചു. ചടങ്ങിൽ FCDP-TMS സ്റ്റാഫ് അംഗങ്ങളും, വിശപ്പിന് വിട എക്സിക്യൂട്ടീവ് അംഗങ്ങളും, FCDP, TMS, FCDS ബോർഡ് അംഗങ്ങളും പങ്കെടുത്തു.





## മെയ് 30, 2025

## തീരദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഒരു കൈത്താങ്ങ്

FCDP - TMS സംഘടനകളുടെ പ്രതീക്ഷ പദ്ധതിയുടെ ഭാഗമായി പുതിയ അധ്യായന വർഷത്തിലേക്ക് കടക്കുന്ന 200-ൽ പരം വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. പഠനത്തിൽ കഴിവും, താല്പര്യവുമുള്ള, എന്നാൽ, വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകുന്നതിന് സാമ്പത്തികമായി ബുദ്ധിമുട്ടുന്ന തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ നിർധനരായ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന പദ്ധതിയാണ് പ്രതീക്ഷ. ചടങ്ങിൽ ശ്രീമതി. റിനീഷ ജോസഫ് (ആനിമേറ്റർ, DBCF) സ്വാഗതം ആശംസിച്ചു. തുടർന്ന് ഫാ. സജി എളമ്പാശ്ശേരി (ഡയറക്ടർ, FCDP-TMS) ആമുഖ പ്രസംഗം നടത്തി. ശ്രീമതി. ആഗ്നസ് ജോണിന്റെ (ചെയർപേഴ്സൺ, FCDP) അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ ഫാ. ക്രിസ്റ്റഫർ ഹെൻറി (ജുഡീഷ്യൽ വികാരി & വൈസ് ചാൻസിലർ ക്വിലോൺ ഡയസിസ്) കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തുകൊണ്ട് ചടങ്ങ് ഉദ്ഘാടനം ചെയ്തു. കുട്ടികൾ തങ്ങളുടെ കഴിവുകളിൽ പിന്നോട്ടുപോകേണ്ടതില്ല, അവർ മുൻപോട്ടെത്തുകയും വിജയിക്കാൻ ശ്രമിക്കയുമാണ് ചെയ്യേണ്ടതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ചടങ്ങിൽ FCDP-TMS സ്റ്റാഫ് അംഗങ്ങളും, ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറം കോർഡിനേറ്ററും, ആനിമേറ്റേഴ്സും പങ്കെടുത്തു. ഇത്തരം പ്രവർത്തനങ്ങളിലൂടെ, അറിവ് എല്ലാവർക്കും തുല്യമായി ലഭിക്കേണ്ടതാണെന്ന സന്ദേശം സമൂഹത്തിൽ എത്തിച്ചു കൊടുക്കുവാനും, ഓരോ കുട്ടിയുടെയും ഭാവി ഉജ്ജ്വലമാക്കുന്നതിനും സാധിക്കുന്നു.





## മെയ് 31, 2025

## RAIN BOW ` മികച്ച വിജയത്തിനായുള്ള ചുവടുവെയ്പ്

FCDP ഡോൺ ബോസ്കോ ചിൽഡ്രൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ 8 മുതൽ +2 വരെയുള്ള ക്ലാസിലെ കുട്ടികൾക്കായി മോട്ടിവേഷണൽ ക്ലാസ് നടത്തുകയുണ്ടായി. പ്രചോദാത്മകമായ ക്ലാസുകൾ നയിക്കാൻ അന്താരാഷ്ട്ര തലത്തിൽ 25 വർഷത്തിലധികം അനുഭവ പരിചയമുള്ള ശ്രീ. മനോജ് ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ നടത്തിയ ക്ലാസിൽ ഏകദേശം 50 ഓളം കുട്ടികൾ പങ്കെടുത്തു. ഓരോ ദിവസവും ചെയ്യുന്ന കാര്യങ്ങൾ ടൈംടേബിൾ പ്രകാരം ചെയ്യാനും സ്കൂളിൽ പാലിക്കേണ്ട അച്ചടക്കത്തെ കുറിച്ചും പഠനത്തിൽ മികവ് പുലർത്താൻ ഉതകുന്ന പ്രവർത്തനങ്ങളെക്കുറിച്ചും കളികളിലൂടെ കുട്ടികളെ ബോധവാന്മാരാക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസത്തിനായി ഏത് കോഴ്സ് തിരഞ്ഞെടുക്കണം, അതിനായി നടത്തേണ്ട ഒരുക്കങ്ങൾ എന്തൊക്കെയാണ്, എന്നിവയെക്കുറിച്ചുള്ള കുട്ടികളുടെ സംശയങ്ങൾക്ക് മറുപടി നൽകിക്കൊണ്ടുള്ള ക്ലാസ്സ് അവർക്ക് ഏറെ ഉപകാരപ്രദമായിരുന്നു.





## ജൂൺ 5, 2025

## പരിസ്ഥിതി സംരക്ഷണത്തിന് കൈകോർത്തുകൊണ്ട് ശുചീകരണം യജ്ഞം നടത്തി

ജൂൺ 5, പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് FCDPയുടെ ആഭിമുഖ്യത്തിൽ, തോപ്പ് സെന്റ് സ്റ്റീഫൻസ് ചർച്ചിന്റെയും, കൊല്ലം കോർപ്പറേഷന്റെയും, പള്ളിത്തോട്ടം കുടുംബശ്രീ യൂണിറ്റിന്റെയും സഹകരണത്തോടെ FCDP ഓഫീസ് മുതൽ ഇൻഫന്റ് ജീസസ് സ്കൂൾ വരെയുള്ള റോഡിന്റെ ഇരുവശങ്ങളും വൃത്തിയാക്കുകയും സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ചെടികളും മരങ്ങളും നടുകയും ചെയ്തു. ചടങ്ങിന്റെ മുഖ്യ അതിഥിയായി എത്തിയ കൊല്ലം MLA ശ്രീ. മുകേഷ്, വൃക്ഷത്തൈകൾ നട്ട് ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന്, തോപ്പ് പള്ളി, കൊടിമരം തുടങ്ങിയ സമീപപ്രദേശങ്ങൾ ശുചീകരിച്ചു. പ്രകൃതിയെ സംരക്ഷിക്കുക, ഭാവി തലമുറയ്ക്ക് ആരോഗ്യമുള്ള ഭൂമിയെ സമ്മാനിക്കുക, കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുക എന്നി സന്ദേശങ്ങൾ സമൂഹത്തിലേക്ക് പകർന്ന്, ചിന്താത്മകമായ ചുവടുകൾ എടുക്കാൻ എല്ലാവരെയും പ്രേരിപ്പിക്കുകയാണ് ഇത്തരം പ്രവർത്തനങ്ങളുടെ ലക്ഷ്യം.





**ജൂൺ 13, 2025**

## പൗരോഹിത്യത്തിന്റെ രജതജൂബിലി

ദൈവസ്നേഹവും സാമൂഹിക സേവനവും കൊണ്ട് പൗരോഹിത്യ സേവനത്തിന്റെ 25 വർഷം പൂർത്തിയാക്കിയ തീരദേശത്തിന്റെ പുത്രൻ ഫാ. ഡേവിഡ് ജോണിന് FCDP കുടുംബം ആദരവ് നൽകി. ഫാ. സജി എളമ്പാശ്ശേരി (ഡയറക്ടർ, FCDP) അച്ചനെ പൊന്നാട അണിയിച്ച് ആദരിക്കുകയും സിസ്റ്റർ മേരി സ്ക്കറിയ FCDP കുടുംബത്തിന്റെ സ്നേഹോപഹാരം അച്ചന് നൽകുകയും ചെയ്തു. തന്റെ ജീവിതത്തിലെ മഹത്തായ പ്രവർത്തങ്ങളിലൂടെ സമൂഹത്തിനു നൽകിയ നന്മകൾക്ക് FCDP കുടുംബം അച്ചന് അഭിനന്ദനങ്ങളും അനുമോദനങ്ങളും നൽകി. കനൽ വഴികളിലൂടെ കടന്നുപോയ അച്ചനെ ഉന്നതിക ളിലേക്ക് കൈപിടിച്ചു കയറ്റി, ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അമരക്കാരനായി നിർത്തിയ ദൈവത്തിനും ജീവിത്തിൽ മുറുകെ പിടിക്കേണ്ട മൂല്യങ്ങൾ പഠിപ്പിച്ച അമ്മയ്ക്കും ഫാ. ഡേവിഡ് മറുപടി പ്രസംഗത്തിൽ നന്ദി പറഞ്ഞു. ഒപ്പം FCDP കുടുംബത്തിന്റെ സ്നേഹത്തിനും പിന്തുണയ്ക്കും അച്ചൻ നന്ദി പറഞ്ഞു.





**ജൂൺ 21, 2025**

## വിദ്യാതീരം; അറിവിന്റെ പുതിയ ഒരു ചുവടുവയ്പ്പ്

FCDP സംഘടനയുടെ ആഭിമുഖ്യത്തിൽ തീരദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന്റെ പുതിയൊരു ചുവടുവെപ്പായി 'വിദ്യാതീരം' ട്യൂഷൻ സെന്ററിന്റെ ഔപചാരിക ഉദ്ഘാടനകർമ്മം ഫാ.സ്റ്റീഫൻ മുക്കാട്ടിൽ (റെക്ടർ, ഡോൺബോസ്കോ സ്ഥാപനം) നിർവഹിച്ചു. നാളത്തെ സമൂഹത്തിന്റെ നട്ടെല്ലാണ് ഇന്നത്തെ തലമുറ എന്ന് എടുത്തുകാണിക്കുന്ന ഈ പരുപാടിയിൽ കഴിഞ്ഞ അധ്യാന വർഷത്തിൽ SSLC, +2, ക്ലാസ്സുകളിൽ ഉയർന്ന വിജയ ശതമാനം കൈവരിച്ച വിദ്യാർത്ഥികളെ ആദരിക്കുകയും സ്കോളർഷിപ്പ് നൽകുകയും ചെയ്തു. വളരെ മികച്ച രീതിയിൽ നടന്ന പരിപാടിയിൽ ശ്രീമതി ആഗ്നസ് ജോൺ (ചെയർപേഴ്സൺ, FCDP), ശ്രീമതി ലക്റ്റീഷ്യ മാർട്ടിൻ (ചെയർപേഴ്സൺ, TMS), ഫാ. വർഗീസ് പായനാടത്ത് (വികാർ, സെന്റ്. സ്റ്റീഫൻ ചർച്ച്), ഫാ. സജി എളമ്പാശേരി (ഡയറക്ടർ, FCDP), ശ്രീ. ബെനാൻസ് ജോർജ് (അഡ്വൈസർ, വിദ്യാതീരം ട്യൂഷൻ സെന്റർ) എന്നിവർ വേദി പങ്കിട്ടു. പരിപാടിയിൽ വിദ്യാതീരം വിദ്യാർത്ഥികളുടെ കലാപരിപാടി നടന്നു.






**ജൂൺ 25, 2025**

## ആത്മവിശകലനത്തിലൂടെ മുന്നോട്ട്: FCDPയുടെ ഭാവിയിലേക്ക്

തങ്ങളുടെ പ്രവർത്തന മേഖലകളിൽ നേരിടുന്ന വെല്ലുവിളികളും ശക്തികളും ആഴത്തിൽ തിരിച്ചറിഞ്ഞ്, ഭാവിയിലേക്കുള്ള വികസനപാത കൃത്യമായി രൂപപ്പെടുത്തുന്നതിനായി എഇഉജ ഒരു സമഗ്രമായ SWOT വിശകലന ക്ലാസ് സംഘടിപ്പിച്ചു. സമൂഹ പ്രവർത്തകനും അന്താരാഷ്ട്ര പരിശീലകനുമായ ശ്രീ. ജിജോ ജോയ് ക്ലാസിന് നേതൃത്വം നൽകി.

ഈ പരിശീലനം FCDPയുടെ പ്രവർത്തകരെ അവരുടെ സ്വന്തം പ്രവർത്തനങ്ങൾ വിലയിരുത്താനും, നിലവിലെ ശക്തികൾ (Strengths), ദൗർബല്യങ്ങൾ (Weaknesses), അവസരങ്ങൾ (Opportunities), ഭീഷണികൾ (Threats) എന്നിവ വിശദമായി പരിശോധിക്കാനും പ്രേരിപ്പിച്ചു. നാലു ഗ്രൂപ്പുകളായി തിരിച്ച് അവരവരുടെ ചിന്തയും വിലയിരുത്തലുകളും പങ്കുവെച്ചതിലൂടെ, സംഘടനയുടെ അഭിവൃദ്ധിക്ക് ഉപകാരപ്പെടുന്ന നിർദേശങ്ങളും സാധ്യതകളും മുന്നോട്ട് വച്ചു. പ്രാദേശിക വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന്റെയും, സംഘടനയുടെ ആന്തരിക ശേഷികളെ സമൂഹത്തിന്റെ ആവശ്യങ്ങ്ളോട് ചേർത്തുനോക്കുന്നതിന്റെയും പ്രാധാന്യം ശ്രീ. ജിജോ കൂട്ടിച്ചേർത്തു. ഇത്തരത്തിലുള്ള വിശകലനങ്ങൾ ഭാവിയിലേക്കുള്ള ദിശാനിർദ്ദേശത്തിനും മികച്ച തീരുമാനമെടുക്കലുകൾക്കും വലിയ സഹായമാണെന്ന് ആമുഖ പ്രസംഗത്തിൽ ഫാ. സജി എളമ്പാശ്ശേരിയിൽ (ഡയറക്ടർ, FCDP-TMS) ഓർമ്മപ്പെടുത്തി. പരിപാടിയിൽ എല്ലാ പ്രവർത്തകരും സജീവമായി പങ്കെടുത്തു, അതിലൂടെ അവരുടെ ചിന്താധാരയും അറിവുകളും വളർത്താൻ അവസരം ലഭിച്ചു.









**ജൂൺ 28, 2025**

## വാർത്തയുടെ ഭാഷ: FCDP മാധ്യമ ശില്പശാലക്ക് ഉജ്ജ്വല തുടക്കം

FCDPയുടെ ആഭിമുഖ്യത്തിൽ എഇഉജയിലെ ജീവനക്കാർക്കായി മാധ്യമ ശില്പശാല സംഘടിപ്പിച്ചു. മാതൃഭൂമി ചീഫ് സബ് എഡിറ്റർ ശ്രീ. ബിജു പാപ്പച്ചൻ ക്ലാസ്സിന് നേതൃത്വം നൽകി. മാധ്യമധർമ്മത്തെക്കുറിച്ചും, വാർത്ത തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും അദ്ദേഹം വ്യക്തമാക്കി. റിപ്പോർട്ട് എഴുതൽ ഏത് സംഘടനയിലും അനിവാര്യമാണ്. നമ്മുടെ പ്രവർത്തനങ്ങളെയും സംഭവങ്ങളെയും ആധികാരികമായി രേഖപ്പെടുത്താനും, വിലയിരുത്താനും, ഭാവിയിലേക്കുള്ള തീരുമാനങ്ങൾക്ക് അടിസ്ഥാനമാകാനും ഇത് ഏറെ സഹായിക്കുന്നു. ക്ലാസ്സിൽ ഫാ. സജി എളമ്പാശ്ശേരിയും (ഡയറക്ടർ, FCDP-TMS), 22 ജീവനക്കാരും പങ്കെടുത്തു..





## നന്ദിയോടെ

**സൗഹൃദത്തിന്റെ സ്നേഹാഭിഷേകവും, ദീർഘദർശിയായ നേതൃത്വവും, സമർപ്പണവും കൊണ്ടും, സ്ഥാപനത്തിന്റെ ഓരോ ദിനത്തിലും പ്രചോദനമായി ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന ഏറെ പ്രിയപ്പെട്ട ഫാ. ജിതിൻ സെബാസ്റ്റ്യൻ , സിസ്റ്റർ മേരി കെ നന്മയുടെ വേദികളിൽ വെളിച്ചം പകർന്ന ഇവരുടെ ഇടപെടലുകൾ, ഓരോ ചെറുതായ പ്രവർത്തിയിലും പ്രതിഫലിച്ച ആത്മാർത്ഥത, യാത്രയാകുന്ന നിമിഷത്തിൽ അച്ചനും സിസ്റ്ററും പോകുന്ന പുതിയ ഇടങ്ങളിലും ഓരോ ചുവടിലും വിജയവും സന്തോഷവും നേരുന്നു. ഞങ്ങളുടെ ഡയറക്ടറിനും, അസിസ്റ്റന്റ് ഡയറക്ടറിനും ഹൃദയംഗമായ നന്ദി രേഖപെടുത്തുന്നു .**





# ഗ്യാലറി


FARE THEE WELL


YOUR HARD WORK MADE A DIFFERENCE
FARE THEE WELL








SILVER JUBILEE OF PRIESTLY ORDINATION





























# ഉജ്ജീവനി  വൃക്ക രോഗികൾക്ക് ഒരു കൈത്താങ്ങ്



നിങ്ങൾക്ക് എങ്ങനെ ഉജ്ജീവനിയുടെ ഭാഗമാകാം?

നിങ്ങളുടെ പരിചയത്തിലുള്ള വൃക്ക രോഗികൾക്ക് ഈ പദ്ധതി നിർദ്ദേശിക്കാം.
നിങ്ങൾക്ക് സാമ്പത്തികമായി ഈ പദ്ധതിയിലേക്ക് സംഭാവന നൽകാം

ഒരു ഡയാലിസിസിന്റെ തുക 500 രൂപ
ഒരു മാസം 500*12 = 6000രൂപ

ഒറ്റ തവണയായി ഏതു തുകയും സ്വീകരിക്കും

നിങ്ങളുടെ സംഭാവന ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്
ആദായനികുതി നിയമം 1961. സെക്ഷൻ 80 പ്രകാരം നിങ്ങൾക്ക് നികുതി ഇളവ് നേടാൻ കഴിയും.

## ഫിഷർമെൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

**അക്കൗണ്ട് നമ്പർ : 046010011001598**
**IFSC: UBIN0804606**
ബാങ്ക് : യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
ബ്രാഞ്ച് : ബീച്ച് റോഡ്,കൊല്ലം
**80 G NO: AAATF0499E23KC01**


FISHERMEN COMMUNITY DEVELOPMENT PROGRAMME (FCDP) & THEERADESHA MAHILA SOCIETY (TMS)
(Reg No.Q. 771/84, Q. 1039/95) Canal Road
0474-2750652, 6360544503, 9885240938

office@fcdpindia.com, tmsfcdpkollam@gmail.com

Follow us on